ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി. സി2/44495/2014/എച്ച്.എസ്.ഇ

തീയതി : 10/09/2015

## സർക്കുലർ

സർ,

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് -അധികഉപഭാഷകൾ അനുവദിക്കുന്നത് - സംബന്ധിച്ച് -

സൂചന :- 04/08/2015 ലെ 21123/റ്റി1/2013/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ 2015-16 അദ്ധ്യയന വർഷം പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ, അവർ ഹൈസ്കൂൾ തലത്തിൽ പഠിച്ച ഉപഭാഷകൾ പ്ലസ് വൺ തലത്തിൽ പഠിക്കാൻ താത്പര്യപ്പെടുന്ന നിശ്ചിത എണ്ണം വിദ്യാർത്ഥികളുണ്ടെങ്കിൽ അവർക്ക് പ്രസ്തുത ഭാഷ പഠിക്കാൻപി.ടി.എ യുടെ സഹായത്തോടെയോ മറ്റോ പഠനാവസരം നൽകാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു എന്നും, ഇങ്ങനെ ചെയ്യുമ്പോൾ നിലവിലുള്ള ഉപഭാഷാദ്ധ്യാപക തസ്തികകളെ ബാധിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്നും അറിയിക്കുന്നു. ഹൈസ്കൂൾ തലത്തിൽ അതത് സ്കൂളുകളിൽ നിലവിലുള്ള ഉപഭാഷകൾ ഹയർസെക്കന്ററി തലത്തിലും തെരഞ്ഞെടുക്കാൻ കുട്ടികൾക്ക് ഏകജാലക പ്രവേശന സമയത്ത് തന്നെ അവസരം നൽകുന്നതിനുള്ള നിർദ്ദേശം നിലവിലുള്ള ഉപഭാഷാ തസ്തികകൾക്ക് ദോഷം വരാത്ത രീതിയിൽ 2016-17 അദ്ധ്യയന വർഷത്തിൽ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ്ഡയറക്ടർ (അക്കാഡമിക്)

പകർപ്പ്

1. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ/മാനേജർ
2. കോ-ഓർഡിനേറ്റർ ഐ.സി.റ്റി. സെൽ